പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 719 **14-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള നൂതന വിദ്യാഭ്യാസ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) 2021-2026 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയും പഠന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത കാലയളവിലെ സർക്കാർ നൂതനമായ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നോ;വ്യക്തമാക്കുമോ;

മറുപടി: 2021-2026 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ

1. മഞ്ചാടി, മഴവില്ല് (2022-2023) – പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ വിദ്യാലയങ്ങളിലെ കുട്ടികളെ ഗണിതം പഠിപ്പിക്കുന്നതിന് 'മഞ്ചാടി' പദ്ധതിയും, ശാസ്ത്രം പഠിപ്പിക്കുന്നതിന് 'മഴവില്ല്' പദ്ധതിയും നടപ്പിലാക്കി.

2. ത്രൈവ് പദ്ധതി (2024) – THRIVE (Tribal Higher Education and Interactive Ventures for Excellence) - പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ കരിയർ ലക്ഷ്യങ്ങൾക്കും വളർച്ചയ്ക്കും വികസനത്തിനും 19 സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കി.

3. ഉന്നതി ഓവർസീസ് സ്കോളർഷിപ് (2024-25) – സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചത്.

4. സിവിൽ സർവ്വീസ് പരിശീലന പദ്ധതി (2022-23) – പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി സിവിൽ സർവ്വീസ് പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിക്കുന്നതിനാവശ്യമായ മികച്ച പരിശീലനം നൽകുന്നതിലേയ്ക്കായി നടപ്പാക്കിയ പദ്ധതി.

(ബി) എങ്കിൽ നൂതനമായ അത്തരം വിദ്യാഭ്യാസ പദ്ധതികളുടെ പേര്, ആരംഭിച്ച വർഷം, ലക്ഷ്യം എന്നിവ വ്യക്തമാക്കാമോ;

മറുപടി: 2021-2026 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ

1. മഞ്ചാടി, മഴവില്ല് (2022-2023) – പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ വിദ്യാലയങ്ങളിലെ കുട്ടികളെ ഗണിതം പഠിപ്പിക്കുന്നതിന് 'മഞ്ചാടി' പദ്ധതിയും, ശാസ്ത്രം പഠിപ്പിക്കുന്നതിന് 'മഴവില്ല്' പദ്ധതിയും നടപ്പിലാക്കി.

2. ത്രൈവ് പദ്ധതി (2024) – THRIVE (Tribal Higher Education and Interactive Ventures for Excellence) - പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ കരിയർ ലക്ഷ്യങ്ങൾക്കും വളർച്ചയ്ക്കും വികസനത്തിനും 19 സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കി.

3. ഉന്നതി ഓവർസീസ് സ്കോളർഷിപ് (2024-25) – സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചത്.

4. സിവിൽ സർവ്വീസ് പരിശീലന പദ്ധതി (2022-23) – പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി സിവിൽ സർവ്വീസ് പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിക്കുന്നതിനാവശ്യമായ മികച്ച പരിശീലനം നൽകുന്നതിലേയ്ക്കായി നടപ്പാക്കിയ പദ്ധതി.

(സി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ ഡിജിറ്റൽ പഠന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി ലാപ്ടോപ്, ടാബ്ലറ്റ്, ഡിജിറ്റൽ പഠന സാമഗ്രികൾ, ഇൻറർനെറ്റ്/ ഓൺലൈൻ പഠന സൗകര്യങ്ങൾ എന്നിവ നൽകുന്നതിനായി 2021 മുതൽ 2026 മാർച്ച് വരെ ആരംഭിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്നും അവ ലക്ഷ്യം കൈവരിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ?

<u>മറുപടി:</u> ഇതിനായി മാത്രം പുതിയ പദ്ധതികൾ ഇക്കാലയളവിൽ ആരംഭിച്ചിട്ടില്ല. എന്നാൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയും പഠന നിലവാരവും ഉയർത്തുന്നതിനായി വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടേയും, ആശ്രമം സ്കൂളുകളുടേയും അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൽവത്കരണം, കരിയർ ഗൈഡൻസ് എന്നിവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ വകുപ്പ് സ്വീകരിച്ച് വരുന്നു. എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും സ്മാർട്ട് ക്ലാസ് റൂമുകൾ, കമ്പ്യൂട്ടർ ലാബുകൾ, ഹൈ-സ്പീഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി എന്നിവ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. മികച്ച രീതിയിലുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ